തിരുനാളിന് കൊടിയേറി

തൃശൂർ: അരണാട്ടുകര സെന്റ് തോമസ് പള്ളിയിലെ വിശുദ്ധ സെബസ്ത്യാനോസ് പുണ്യവാളന്റെ തിരുനാളിന് വികാരി ഫാ. ജോർജ് എടക്കളത്തൂർ കൊടിയേറ്റി. നാലു മുതൽ എട്ടു വരെയാണ് തിരുനാൾ.

നാലിന് വൈകിട്ട് പ്രസുദേന്തിമാരെ വാഴിക്കൽ മാർ റാഫേൽ തട്ടിലും അഞ്ചിന് ദീപാലങ്കാരം സ്വിച്ച് ഓൺ മാർ ആന്റണി ചിറയത്തും നിർവഹിക്കും. ആറിന് വൈകിട്ട് ആറിന് കുടുതുറക്കൽ ശുശ്രൂഷ. മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമികത്വം വഹിക്കും. രാത്രി 11ന് കുടുംബക്കൂട്ടായ്മകളിൽ നിന്നുള്ള അമ്പ് എഴുന്നള്ളിപ്പ് പള്ളിയിൽ സമാപിക്കും.

ഏഴിന് തിരുനാൾ ദിവസം രാവിലെ ആറിനും ഏഴിനും 8.30നും ഉച്ചകഴിഞ്ഞ് രണ്ടിനും ആഘോഷമായ കുർബാന ലദീഞ്ഞ്, നൊവേന. രാവിലെ പത്തിന് ആഘോഷമായ തിരുനാൾ പാട്ടുകുർബാനയ്ക്ക് ഫാ. ഡേവിസ് പുലിക്കോട്ടിൽ കാർമികനാകും. ഫാ.സാജൻ പിണ്ടിയാൻ തിരുനാൾ സന്ദേശം നൽകും. ഉച്ചകഴിഞ്ഞ് മൂന്നിന് തിരുനാൾ പ്രദക്ഷിണം. തുടർന്ന് ആകാശ കാഴ്ച. എട്ടിന് രാവിലെ 7:15ന് പൂർവികർക്കു വേണ്ടിയുള്ള തിരുക്കർമങ്ങൾ. വൈകിട്ട് ആറിന് ഗാനമേള.

ഡയാലിസിസ് കേന്ദ്രം സ്വിച്ച് ഓൺ

തൃശൂർ : കൊച്ചിൻ ദേവസ്വം ബോർഡിന്റെ ശ്രീ ധന്വന്തരി സത്യസായി സൗജന്യ ഡയാലിസിസ് കേന്ദ്രത്തിന്റെ സ്വിച്ച് ഓൺ മന്ത്രി കെ. രാധാകൃഷ്ണൻ ഇന്ന് രാവിലെ 9.30ന് നിർവഹിക്കും . ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. എം.കെ. സുദർശൻ, ബോർഡ് അംഗങ്ങളായ എം.ബി. മുരളീധരൻ, പ്രേംരാജ് ചൂണ്ടലാത്ത്, ദേവസ്വം കമ്മീഷണർ സി. അനിൽ കുമാർ, ദേവസ്വം സെക്രട്ടറി പി. ബിന്ദു, സത്യസായ് ഓർഫനേജ് ട്രസ്റ്റ് അംഗങ്ങൾ, റോട്ടറി ക്ലബ്ബ് ഭാരവാഹികൾ, ദയ ആശുപത്രി എക്സിക്യൂട്ടീവ്, ദേവസ്വം ജീവനക്കാർ പങ്കെടുക്കും. ദേവസ്വം ബോർഡിന്റെ തൃശൂരിലുള്ള ദേവസ്വം ക്വാർട്ടേഴ്സിലാണ് ഡയാലിസിസ് കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്.

ആദരിച്ചു

ഗുരുവായൂർ: സംസ്ഥാന പേരന്റ്സ് ടീച്ചേഴ്സ് അസോസിയേഷന്റെ കർമ്മ ശ്രേഷ്ഠ പുരസ്കാരത്തിനർഹനായ പി.ജെ. സ്റ്റൈജുവിനെ കണ്ടാണശേരി ഗ്രാമ പഞ്ചായത്ത് ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് മിനി ജയൻ പൊന്നാട അണിയിച്ചു. പഞ്ചായത്ത് മെംബർ പി.കെ. അസീസ് അധ്യക്ഷനായി. ഷക്കീല ഷമീർ, അഡ്വ.നിവ്യ റിനീഷ്, എൻ.എ. ബാലചന്ദ്രൻ, എ.എ. കൃഷ്ണൻ പ്രസംഗിച്ചു.

ചെത്ത് തൊഴിലാളി യൂണിയൻ വാർഷികം

അന്തിക്കാട്: ഏനാമാവ് - പെരിങ്ങോട്ടുകര ചെത്ത് തൊഴിലാളി യൂണിയന്റെ 80ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികളുടെ സമാപനം ഇന്നും നാളെയുമായി നടക്കും.

സ്മൃതി സദസുകൾ, സെമിനാർ, 32 പൂർവകാല യൂണിയൻ നേതാക്കളെ ആദരിക്കൽ, ക്വിസ്, ഉപന്യാസ മത്സരം, ചരിത്ര ഗ്രന്ഥ പ്രകാശനം, സാംസ്കാരിക സംഗമം, കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവ നടക്കും. ഇന്നു രാവിലെ 10ന് അന്തിക്കാട് ചടയമുറി സ്മാരക അങ്കണത്തിൽ നടക്കുന്ന സെമിനാറിന്റെ ഉദ്ഘാടനം മന്ത്രി എം. ബി. രാജേഷ് നിർവഹിക്കും.

നാളെ വൈകിട്ട് 4ന് അന്തിക്കാട് സെലിബ്രേഷൻ മൈതാനത്ത് നടക്കുന്ന പൊതുസമ്മേളനം എഐടിയുസി ദേശീയ ജനറൽ സെക്രട്ടറി അമർ ജിത് കൗർ ഉദ്ഘാടനം ചെയ്യും. മുൻ മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിക്കും. വാർത്താസമ്മേളനത്തിൽ സ്വാഗത സംഘം ജനറൽ കൺവീനർ ടി. കെ. മാധവൻ . പ്രോഗ്രാം കമ്മിറ്റി കൺവീനർ കെ.പി. സന്ദീപ്, സി.ആർ. മുരളീധരൻ, കെ.എം. ജയദേവൻ പങ്കെടുത്തു.

വയോജനങ്ങൾക്ക് കട്ടിൽ വിതരണം

മുരിയാട്: 100 ദിന കർമപരിപാടിയുടെ ഭാഗമായി മുരിയാട് ഗ്രാമ പഞ്ചായത്ത് ജനറൽ വിഭാഗത്തിൽപെട്ട 51 പേർക്ക് കട്ടിൽ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ജോസ്ജെ. ചിറ്റിലപ്പിള്ളി വിതരണോദ്ഘാടനം നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സരിത സുരേഷ് അധ്യക്ഷയായി.

വൈസ് പ്രസിഡന്റ് രതി ഗോപി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.യു വിജയൻ, പഞ്ചായത്തംഗങ്ങളായ മണി സജയൻ, എ.എസ് സുനിൽകുമാർ, നിജി വത്സൻ, നിഖിത അനൂപ്, മനീഷ മനീഷ്, ഐസിഡിഎസ് സൂപ്പർവൈസർ അൻസ അബ്രഹാം പ്രസംഗിച്ചു. 2,10,000ത്തോളം രൂപ ചിലവഴിച്ചാണ് കട്ടിൽ വിതരണം നടത്തിയത്. ജനറൽ വിഭാഗത്തിൽപ്പെട്ട 51 പേർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്.

മാള ഹോളി ഗ്രേസ് സ്കൂളിന് യുഎഇ ഡിജിറ്റൽ ഫെസ്റ്റിലേക്ക് ക്ഷണം

മാള: യുഎഇയിൽ നടക്കുന്ന അന്താരാഷ്ട്ര സൈബർ സ്പേയർ ഡിജിറ്റൽ ഫെസ്റ്റ് സ്റ്റുഡന്റ്സ് ടെക് എക്സ്പോയിൽ പങ്കെടുക്കാൻ ഹോളി ഗ്രേസ് സിബിഎസ്ഇ സ്കൂളിന് ക്ഷണം ലഭിച്ചു. ഫെബ്രു. 10ന് യുഎഇയിലെ ഫുജൈറയിലെ എമിനെൻസ് സ്കൂളിലാണ് എക്സ്പോ. ഇന്ത്യ, യുഎഇ ഉൾപ്പടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള നൂറോളം വിദ്യാർഥികൾ പങ്കെടുക്കും. ടെക് ടോക്, എ.ഐ, റോബോട്ടിക്സ് , വെബ് ഡിസൈനിങ്, ഐഒടി, മൊബൈൽ ആപ്പ്, ഗെയിംസ്, പ്രോഗ്രാമിങ് എന്നിങ്ങനെയുള്ള ഇനങ്ങളിൽ രണ്ടു കാറ്റഗറിയിലായി മത്സരങ്ങളും ഇതോടനുബന്ധിച്ച് നടക്കും.

ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സൈബർ സ്പേയർ കോഡിങ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠന സ്ഥാപനമാണ് അന്താരാഷ്ട്ര മത്സരം സംഘടിപ്പിക്കുന്നത്. നൂതനവും അസാധാരണവുമായ ടെക് പ്രൊജെക്ടുകൾ പ്രദർശിപ്പിക്കുന്ന അന്താരാഷ്ട്ര തലത്തിലുള്ള ആവേശകരമായ മത്സരവേദിയാണ് ഇന്റർനാഷണൽ ഡിജിറ്റൽ ഫെസ്റ്റിവൽ (ഐഡിഎഫ്) രണ്ടാം പതിപ്പ്. മത്സരാർഥികളെ തെരഞ്ഞെടുക്കാൻ കോഴിക്കോട് ദയാപുരം റസിഡൻഷ്യൽ സ്കൂളിൽ നടന്ന ഗ്ലോബൽ ഇന്ത്യൻ സ്റ്റുഡന്റ്സ് ഡിജിറ്റൽ ഫെസ്റ്റിൽ ഹോളി ഗ്രേസ് വിജയിച്ചിരുന്നു. റോബോട്ടിക്സ് വിഭാഗത്തിലെ കാറ്റഗറി ഒന്നിൽ ഹോളിഗ്രേസ് സിബിഎസ്ഇ റസിഡൻഷ്യൽ സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥിനി കാതലിൻ മേരീ ജിസൻ ഒന്നാം സ്ഥാനം നേടി. വെബ്സൈറ്റ് / വെബ് / മോബ് ആപ്പ്സ് വിഭാഗത്തിലെ കാറ്റഗറി രണ്ടിൽ ഹോളി ഗ്രേസ് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥികളായ നൈസാം അലി നജാത്, വി.ജെ. ഹരി ഗോവിന്ദ് എന്നിവരടങ്ങിയ ടീം ആണ് ഒന്നാം സ്ഥാനം സ്വന്തമാക്കിയത്.

സ്കൂൾ ചെയർമാൻ അഡ്വ. ക്ലമൻസ് തോട്ടാപ്പിള്ളി, ഫിനാൻസ് ഡയറക്റ്റർ ജിസൻ പള്ളിപ്പാട്ട്, വൈസ് ചെയർമാൻ ജെയിംസ് മാളിയേക്കൽ, ഡയറക്റ്റർ അമൽ വടക്കൻ, സൈബർ സ്പേയർ പ്രതിനിധി ഹരികൃഷ്ണൻ, യുഎഇ രാജ്യാന്തര ഡിജിറ്റൽ ഫെസ്റ്റിലേക്ക് ക്ഷണം ലഭിച്ച വിദ്യാർഥികളായ കാതലിൻ മേരീ ജിസൻ, ഹരിഗോവിന്ദ് വി.ജെ, നൈസാം അലി നജാത്, അവരുടെ മാതാപിതാക്കൾ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

യുഎഇ രാജ്യാന്തര ഡിജിറ്റൽ ഫെസ്റ്റിലേക്ക് ക്ഷണം ലഭിച്ച മാള ഹോളി ഗ്രേസ് സ്കൂളിലെ വിദ്യാർഥികൾ വാർത്താസമ്മേളനത്തിൽ റോബോട്ടിന്റെ പ്രൊട്ടോടൈപ്പ് പ്രദർശിപ്പിച്ചപ്പോൾ.

ഭരത് പി.ജെ ആന്റണി സ്മാരക ദേശീയ അഭിനയ പ്രതിഭ അവാർഡ് നാടക നടി തൃശൂർ എൽസിക്ക് മന്ത്രി കെ. രാജൻ സമ്മാനിക്കുന്നു.

പി.ജെ. ആന്റണി സ്മാരക ദേശീയ അവാർഡ് സമ്മാനിച്ചു

തൃശൂർ: പാർട്ട് - ഒഎൻഒ ഫിലിംസ് തൃശൂർ ആൻഡ് ബിന്നി ഇമ്മട്ടി ക്രിയേഷൻസിന്റെ 24-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 15ാമത് ഭരത് പി.ജെ. ആന്റണി സ്മാരക നാടക- ഡോക്യുമെന്ററി- ഷോർട്ട്ഫിലിം ആൻഡ് ഫോക്കസ് സോളോ ഫിലിം ഫെസ്റ്റ് സമാപന സമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു.

പി.ജെ ആന്റണി സ്മാരക ദേശീയ അഭിനയ പ്രതിഭ അവാർഡ് ചലച്ചിത്ര താരവും നാടക നടിയുമായ തൃശൂർ എൽസിക്ക് മന്ത്രി സമ്മാനിച്ചു. ഡോ. സി. രാവുണ്ണി അധ്യക്ഷനായി. അവാർഡ് ജേതാവിനെ ഫിലിം ഫെസ്റ്റ് ഡയറക്റ്റർ പ്രിയനന്ദനൻ പൊന്നാട അണിയിച്ച് ആദരിച്ചു. ക്യാഷ് അവാർഡ് സമർപ്പണം രക്ഷാധികാരി ബിന്നി ഇമ്മട്ടിയും പി.ജെ അനുസ്മരണം ചാക്കോ ഡി. അന്തിക്കാടും നിർവ്വഹിച്ചു. 12 കലാസമിതികൾ അഭിനയ പ്രതിഭ അവാർഡ് ജേതാവിനെ ആദരിച്ചു. തുടർന്ന് 15-ാമത് ഭരത് പി.ജെ ആന്റണി സ്മാരക ദേശീയ തലത്തിലുള്ള 94 അവാർഡുകളുടെ വിതരണവും നടന്നു.

നടൻ ജയരാജ് വാര്യർ, ഡോ. പി. ഗീത, അഡ്വ. കെ. ആർ. അജിത്ബാബു, പ്രൊഫ. ജോർജ് എസ്. പോൾ, ഡോ. ശ്രീജ കെ.ടി., ശില്പി മണികണ്ഠൻ കിഴക്കൂട്ട്, ജോയ് പ്ലാശേരി, ഐ.ഡി. രഞ്ജിത്ത്, തിയോ സി. തൃശൂർ എൽസി പ്രസംഗിച്ചു.

പൊറത്തിശേരി ചിത്രവള്ളി പാടശേഖരത്തിൽ പച്ചക്കുട ഡ്രോൺ പറന്നുയർന്നു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയുടെ സമഗ്ര കാർഷിക വികസന പദ്ധതിയായ പച്ചക്കുടയുടെ ആഭിമുഖ്യത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എൻജിനീയറിങ് വിഭാഗവും മാള വലിയപറമ്പ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മഹിള റൈസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന കർഷക ഉത്പാദക കമ്പനിയും ചേർന്ന് നെൽകൃഷിയിൽ ഡ്രോൺ ഡെമോൺസ്ട്രേഷൻ സംഘടിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ സുജ സഞ്ജീവ് കുമാർ അധ്യക്ഷത വഹിച്ചു. വിവിധ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ഫെനി എബിൻ വെള്ളാനിക്കാരൻ, അംബിക പള്ളിപ്പുറത്ത്, ജെയ്സൺ പാറേക്കാടൻ, കൗൺസിലർമാരായ അജിത് കുമാർ, ബൈജു കുറ്റിക്കാടൻ, അൽഫോൻസ തോമസ്, കൃഷി ഡെപ്യൂട്ടി ഡയറക്റ്റർ എസ്. മിനി, വിൻസെന്റ് ആലുക്കൽ പ്രസംഗിച്ചു.

കാർഷിക യന്ത്രവത്കരണ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി പൊറത്തിശേരി കൃഷിഭവൻ പരിധിയിലുള്ള ചിത്രവള്ളി പാടശേഖരത്തിൽ നിലവിൽ 45 ദിവസം പ്രായമുള്ള നെല്ലിന് സമ്പൂർണ എന്ന സൂക്ഷ്മ മൂലക മിശ്രിതം ഡ്രോൺ ഉപയോഗിച്ച് സ്പ്രേ ചെയ്യുന്നതിന്റെ ഡെമോൺസ്ട്രേഷനാണ് നടത്തിയത്.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫീസ്: ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022

പ്രൊവിഷനോ വുൾ ഒറ്റ കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റിന്റെ വുൾ, പ്രൊവിഷനോ വുൾ ഒറ്റ പേജിന് വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ് വായിച്ചറിയുക പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അഭിമുഖ്യത്തിലുള്ള ഓഫീസർ വായ്പക്കാർ/ജാമ്യക്കാരോട് ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ **പിന്നീടുള്ള ജംഗി** പൊതിഞ്ഞതും വസ്തുക്കൾ ഉപ്പോടുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്തായാലും ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അടിസ്ഥാനത്തിലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരണങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇംഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	സുരേഷ് കെ ആർ (വായ്പ്പക്കാരൻ) സുലിത സുരേഷ് (സഹ വായ്പ്പക്കാരൻ) Loan Account No. LHTHR00001313779	975/7 , 975/1 പിറപ്പുക്കര വില്ലേജ്, ഒല്ലൂക്കര, താലൂക്ക്, തൃശൂർ, സർവ്വേ നമ്പർ 975/7 , 975/1, തൃശൂർ 680317	Rs. 18,86,811/- December 15, 2023	Rs. 11,81,472/- / Rs. 1,18,150/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM
2.	ധനിൽ പി ആർ (വായ്പ്പക്കാരൻ) നിമ്മി ഗുണ്ടത്ത് ശ്രീധരൻ (സഹ വായ്പ്പക്കാരൻ) Loan Account No. LHTHR00001363298 & LHTHR00001365592	6 108 ബി പഴക്കാരൻ ഹൗസ്, തൃശൂർ താലൂക്ക്, ആറാട്ടുപുഴ വില്ലേജ്, തൃശൂർ ജില്ല, റി സർവ്വേ നമ്പർ 54/1-3 തൃശൂർ 680562	Rs. 34,01,198/- December 15, 2023	Rs. 28,11,024/- / Rs. 2,81,110/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM

ലേല എജന്റായ ബ്രോക്കിന്റെ (യുആർഎൽ ലിങ്ക് https://BestAuctionDeal.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് ജനുവരി 18, 2024 വൈകിട്ട് 5 ഒന്നിന് വരെ മുഴുവൻ തുകയും തിരിച്പടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്പടവിലൂടെയോ ഓൺകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരക്കുകളും ഇംഎംഡി, ആർടിജി-എസ്ഡിഎൽഡി ഡോക്യുമെന്റ് ഡിജിറ്റൽ കോപ്പി ഇ മെയിൽ പകർപ്പിക്കുന്ന വിലാസം എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022** എന്ന വിലാസത്തിലേക്ക് **ജനുവരി 18, 2024** വൈകിട്ട് 4 ഒന്നിനു മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ അഡിഡേഷൻ പ്രാഫിഡന്റും ബിഡ് ടോക്കൺ ആമധി കണ്ടീഷൻ ഫോമിന്റെയും പ്രിന്റ് കോപ്പി **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022** എന്ന വിലാസത്തിലേക്ക് **ജനുവരി 18, 2024** വൈകിട്ട് 5 ഒന്നിനു ഇതായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാന്റ് ഡ്രാഫ്റ്റ് ഡിഡി എന്നിവ സംഭരണത്തിനായി കൈവശമുള്ളതിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് യോഗ്യം തുടർന്നുള്ള ഓഫറായി സ്വീകരിക്കുന്നതിനുള്ള വിവരത്തിലായിരിക്കണം.

കൂടുതൽ വിവരങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ഓൺലൈൻ സമർപ്പിക്കുന്നതിനെക്കുറിച്ചോ എന്തെങ്കിലും വിധത്തിലുള്ള സഹായങ്ങൾ ഉള്ളതായി കരുതുന്ന ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിലോ സെയിൽസ് & മാർക്കറ്റിങ് ഹാർട്ടൺ സെക്സ് നമ്പർ സെലക്ട്രേഷൻ ലൈൻ ലിമിറ്റഡിലെയോ ബന്ധപ്പെടാവുന്നതാണ്.

താഴെ പ്രിന്റിങ്ങുന്നതുപോലുള്ള ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാനുള്ള അധികാരമുണ്ട്. വിശദമായ വിവരങ്ങൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

തിയതി: ജനുവരി 01, 2024
സ്ഥലം: തൃശ്ശൂർ

അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫീസ്: ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022

ശാഖാ ഓഫീസ് : ഒന്നാം നില, സ്വാൻ ടവർ, 24/868(3), നിസ്സാൻ പിനാക്കിളിന് സമീപം . കുന്നത്തുപാലം പോസ്റ്റ്, പാലക്കാട് -678013

പ്രൊവിഷനോ വുൾ ഒറ്റ കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റിന്റെ വുൾ, പ്രൊവിഷനോ വുൾ ഒറ്റ പേജിന് വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ് വായിച്ചറിയുക പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അഭിമുഖ്യത്തിലുള്ള ഓഫീസർ വായ്പക്കാർ/ജാമ്യക്കാരോട് ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ **പിന്നീടുള്ള ജംഗി** പൊതിഞ്ഞതും വസ്തുക്കൾ ഉപ്പോടുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്തായാലും ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അടിസ്ഥാനത്തിലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരണങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്പടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇംഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	അനീഷ് പി എച്ച് (വായ്പ്പക്കാരൻ) സുജിത്രാനന്ദ (സഹ വായ്പ്പക്കാരൻ) Loan Account No. LHTHR00001329406	സർവ്വേ നമ്പർ 89/3 , പേട്ട വില്ലേജ്, പാലക്കുടി താലൂക്ക്, തൃശൂർ ജില്ല, സർവ്വേ നമ്പർ 89/3, തൃശൂർ 680702	Rs. 26,37,368/- December 15, 2023	Rs. 28,77,120/- / Rs. 2,87,720/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM
2.	എം കെ അബ്ദുൽ റഷീദ്, (വായ്പ്പക്കാരൻ) നസീല (സഹ വായ്പ്പക്കാരൻ) Loan Account No. LHPGT00001314172	പിറയിരി വില്ലേജ്, പാലക്കാട് താലൂക്ക്, പഴയ സർവ്വേ 36/5 37/3 പാലക്കാട്, കേരളം, 678004	Rs. 1,79,78, 879/- December 15, 2023	Rs. 1,10,39, 464/- / Rs. 11,03,950/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM
3.	പ്രദീപ് ഫ്രാൻസിസ് (വായ്പ്പക്കാരൻ) വർണ കെ ജോസഫ് (സഹ വായ്പ്പക്കാരൻ) Loan Account No. LHTHR00001317119 & LHTHR00001356557	സർവ്വേ നമ്പർ 181/2 , ഒലക്കുന്നപുരം താലൂക്ക്, കല്ലൂർ വില്ലേജ്, തൃശൂർ കേരളം	Rs. 93,40,577/- December 15, 2023	Rs. 65,88, 216/- / Rs. 6,58,830/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM

ലേല എജന്റായ ബ്രോക്കിന്റെ (യുആർഎൽ ലിങ്ക് https://BestAuctionDeal.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് ജനുവരി 18, 2024 വൈകിട്ട് 5 ഒന്നിന് വരെ മുഴുവൻ തുകയും തിരിച്പടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്പടവിലൂടെയോ ഓൺകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരക്കുകളും ഇംഎംഡി, ആർടിജി-എസ്ഡിഎൽഡി ഡോക്യുമെന്റ് ഡിജിറ്റൽ കോപ്പി ഇ മെയിൽ പകർപ്പിക്കുന്ന വിലാസം എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022** എന്ന വിലാസത്തിലേക്ക് **ജനുവരി 18, 2024** വൈകിട്ട് 4 ഒന്നിനു മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ അഡിഡേഷ